എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) പഞ്ചായത്തു ആക്ട് അനുസരിച്ചു് ഉണ്ടാക്കുന്ന ചട്ടങ്ങളും പൂർത്തിയാകുമ്പോൾ ആക്ടും നടപ്പിൽ വരുത്തും

(ബി) ഉണ്ടു്.

(സി) തിരുവിതാംകൂർ പ്രദേശത്തു് തോവാള, നെടുമങ്ങാടു്, കൊല്ലം, തിരുവല്ല, ചെങ്കോട്ട, കോട്ടയം, കുന്നത്തുനാടു് ഈ താലൂക്കുകളിലല്ലാതെ മറ്റൊരു താലൂക്കിലും പഞ്ചായത്തുകളും ഇല്ല. കൊച്ചി പ്രദേശത്തു നെല്ലിയാമ്പതിയിലും പറമ്പിക്കുളത്തിലും പഞ്ചായത്തുകളില്ല.

കയറുമതിച്ചുങ്കം

*നമ്പർ. (64) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കസ്റ്റംസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിൽനിന്നും വിദേശങ്ങളിലേക്കു കയറുമതി ചെയ്യുന്ന സാധനങ്ങളുടെ കയറുമതി ചുങ്കത്തിൽ എതെങ്കിലും അംശത്തിനു ഈ ഗവൺമെൻറിനു അവകാശമുണ്ടോ? ഉണ്ടെങ്കിൽ എത്ര ശതമാനം ഈ ഗവൺമെൻറിനു ലഭിക്കും;

(ബി) ഇവിടെനിന്നു കയറുമതി ചെയ്യുന്ന സാധനങ്ങളുടെ ചുങ്കം ഈ രാജ്യത്തിനു വിട്ടുകിട്ടണമെന്നു ഇവിടത്തെ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനോടു നിവേദനം ചെയ്തിട്ടുണ്ടോ?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ ബി) ഇൻഡ്യൻ ഭരണഘടന അനുസരിച്ചു് കസ്റ്റംസ് ഡ്യൂട്ടി കേന്ദ്രഗവൺമെൻറിൻറെ വരുമാനമാണു്. കേന്ദ്രഗവൺമെൻറും സ്റ്റേറ്റുകളും തമ്മിൽ ഇതു് ഭാഗിച്ചെടുക്കുന്നതിനു് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

WASTE LANDS

*63. [64] **Sri. A. L. Jacob:** Will the Hon'ble Minister for Revenue be pleased to state.—

(*a*) the total acreage of waste lands belonging to the Government left uncultivated;

(*b*) is the Hon'ble Minister aware that the Socialist Party of India, Cochin Committee, has passed a resolution threatening to cultivate the land without Government permission; and

(*c*) if so, what steps have been taken to prevent them?

Minister for Finance and Revenue **(Sri. A. J. John):**

(*a*) No statistics are maintained and it is not possible to collect any statistics now.

(*b*) No.

(*c*) The question does not arise. If however, any person encroaches on Government land, Government have ample powers to deal with them under the law.

MONAZITE FACTORY AT ALWAYE

*64. [65] **Sri. A. L. Jacob:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether the Government have entered into any agreement with the Government of India regarding the construction of the Monazite Factory at Alwaye; and

(*b*) if so, what the terms are.

LIBRARY ARCHIVES Kerala Legislative Assembly